# Malayala Manorma
# 31 August 2018
# Kakkanad; Flood Victims, Kits Distributed

## ദുരിത ബാധിതർക്ക് വിതരണം ചെയ്തത് 50,558 കിറ്റുകൾ

### പച്ചക്കറി സംഭരണം കുറച്ചു

കാക്കനാട് ● ജില്ലയിലെ 50,558 ദുരിതബാധിത കുടുംബങ്ങൾക്കു നിത്യോപയോഗ സാധന കിറ്റുകൾ വിതരണം ചെയ്തതായി കലക്ടർ മുഹമ്മദ് സഫിറുല്ല പറഞ്ഞു.

ജില്ലാതല സംഭരണ കേന്ദ്രമായ തൃക്കാക്കര കമ്യൂണിറ്റി ഹാളിലും കലക്ടറേറ്റ് ഓഡിറ്റോറിയത്തിലും കെബിപിഎസ് ഗോഡൗണിലുമാണു കിറ്റുകൾ തയാറാക്കുന്നത്. ഇന്നലെ വരെ 60,598 കിറ്റുകൾ കയറ്റി അയച്ചു.

ഇതിൽ 50,558 കിറ്റുകളാണു കുടുംബങ്ങൾക്കു നൽകിയത്. ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന അവശ്യ വസ്തുക്കളാണ് ഇവിടെ സംഭരിക്കുന്നത്.

കമ്യൂണിറ്റി ഹാൾ നിറഞ്ഞതോടെയാണു സമീപത്തെ കേരള ബുക്സ് ആൻഡ് പബ്ലിക്കേഷൻ സൊസൈറ്റി ഗോഡൗണിലും കലക്ടറേറ്റ് ഓഡിറ്റോറിയത്തിലും സാധനങ്ങൾ ശേഖരിച്ചു തുടങ്ങിയത്. ഇന്നലെയാണ് ഏറ്റവും കൂടുതൽ കിറ്റുകൾ കയറ്റി അയച്ചത്, 17,910

നിത്യോപയോഗ സാധനങ്ങൾക്കു പുറമെ വസ്ത്രവും മരുന്നും ഉൾപ്പെടെയുള്ള സാമഗ്രികളും സ്റ്റോക്കുണ്ട്. ട്രെയിൻ വഴിയും സാധനങ്ങൾ എത്തുന്നുണ്ട്. ഇവ യഥാസമയം ഏറ്റെടുത്തു സംഭരണ കേന്ദ്രത്തിലെത്തിക്കാൻ സംവിധാനമുണ്ട്.

മറ്റു ജില്ലകളിലേക്കും ഇവിടെ നിന്നു സാധനങ്ങൾ കയറ്റിപോകുന്നു. അതാതു കലക്ടർമാരുടെ ആവശ്യം അനുസരിച്ചാണു സാധനങ്ങൾ നൽകുന്നതെന്നു കലക്ടർ മുഹമ്മദ് സഫിറുല്ല പറഞ്ഞു.

സംസ്ഥാന തലത്തിൽ വിതരണത്തിനുള്ള നിത്യോപയോഗ സാധനങ്ങളും കൊച്ചിയിൽ സ്വീകരിക്കുന്നതിനാലാണ് ഇതര ജില്ലകളിലേക്കു കയറ്റി അയക്കാൻ ഇവിടെ പ്രത്യേക സൗകര്യം ഒരുക്കിയിട്ടുള്ളത്.

അതേസമയം പെട്ടെന്നു നശിച്ചു പോകുന്ന പച്ചക്കറികൾ കൂടുതൽ സംഭരിക്കേണ്ടതില്ലെന്നു തീരുമാനിച്ചിട്ടുണ്ട്.



കാക്കനാട്ടെ ദുരിതാശ്വാസ സാമഗ്രികളുടെ സംഭരണ-വിതരണ കേന്ദ്രത്തിൽ ഇന്നലെ രാത്രി കലക്ടർ മുഹമ്മദ് സഫിറുല്ലയുടെ നേതൃത്വത്തിൽ നടന്ന അവലോകനം.